ശ്രീമതി എ. നഫീസത്തു ബീവി : ആലപ്പുഴയിൽ രണ്ടു പോലീസു സ്റ്റേഷനുകളും ഉണ്ടു്. നാട്ടു പോലീസു് സ്റ്റേഷനും സൗത്തു പോലീസു് സ്റ്റേഷനും. അതിൽ നാട്ടു പോലീസു് സ്റ്റേഷൻ കുറെക്കാലമായി സൗത്തു പോലീസു് സ്റ്റേഷന്റെ അതിർത്തിയിലുള്ള റിസർവ്വു് ക്യാമ്പിൽ സ്ഥാപിച്ചു പ്രവർത്തിക്കുന്നതുകൊണ്ടു് നാട്ടുകാക്കു് വളരെ ഏറെ ബുദ്ധിമുട്ടണ്ടാകുന്നുണ്ടു്. ആ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ വസ്തുത കണക്കിലെടുത്തുകൊണ്ടും പരാതികളും ലഭിച്ചതിന്റെ അടിസ്ഥാനത്തിലും, നാട്ടുകാക്കുള്ള ബുദ്ധിമുട്ടു കണക്കിലെടുത്തുകൊണ്ടും ആ പോലീസു് സ്റ്റേഷൻ നാട്ടു സ്റ്റേഷന്റെ അതിർത്തിയിൽത്തന്നെ എത്രയും വേഗം സ്ഥാപിക്കുന്നതിനു വേണ്ട തീരുമാനം ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : ഇതിനുമുമ്പു് എന്തെങ്കിലും പരാതികളുണ്ടായിട്ടുണ്ടെന്നും എന്തെങ്കിലും ബുദ്ധിമുട്ടുകൾ അവിടെ ഉണ്ടെന്നും കണ്ടാൽ അതേപ്പറ്റി ശ്രദ്ധിക്കുന്നതാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : തളിപ്പറമ്പ താലൂക്കിൽ ശ്രീകണ്ഠപുരം പോലീസു് സ്റ്റേഷൻ ഒരു വാടകപ്പീടികയിലാണു് ഇട്ടിരിക്കുന്നതെന്നും അവിടെ ലാക്കപ്പു് എന്നു ധരിപ്പിക്കുവച്ചിരിക്കുന്നതു് മുറിക്കു ഒരു ജനാലപോലും ഇല്ലെന്നും, അതുകൊണ്ടു് അവിടെ പോലീസുകാക്കും സബ്ബ്ഇൻസ്പെക്ടറക്കും താമസിക്കാൻ ക്വാർട്ടേഴ്സിലെന്നും ഉള്ളതിനെ പരിഗണിച്ചു് പ്രത്യേകമായി ക്വാർട്ടേഴ്സു് പണിയാൻ നടപടിയെടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : ആ പ്രത്യേക പോലീസു് സ്റ്റേഷനെപ്പറ്റിയുള്ള വിവരങ്ങളും പ്രത്യേകമായി ചോദിച്ചാലേ മറുപടി പറയാൻ കഴിയുകയുള്ളു. സാധാരണ പോലീസു് സ്റ്റേഷനുകളിലൊന്നുംതന്നെ ലാക്കപ്പിനു ജനലുകളില്ല. വെൻറിലേറേറഴ്സാണുള്ളതു്. അതു കുറെ പൊക്കത്തിലേ വയ്ക്കാറുള്ളു. മുമ്പിൽ ഇരുമ്പഴികളുള്ള വാതലുമാണു്. അവിടെ വായു സഞ്ചാരത്തിനുള്ള സൗകര്യമുണ്ടു്. സെക്യൂരിറ്റിക്കുവേണ്ടിയാണു് പോലീസു് സ്റ്റേഷനുകളിൽ ഇങ്ങനെയുള്ള ഏർപ്പാടുകളും ചെയ്യുന്നതു്. അതിനു വിരുദ്ധമായ ഏർപ്പാടുകളും ഉണ്ടെങ്കിൽ അതേപ്പറ്റി നോക്കി വേണ്ടതു ചെയ്യാം.

ശ്രീ. എൻ. എസു്. കൃഷ്ണപിള്ള : തിരുവല്ലാ പോലീസു് സ്റ്റേഷനോടനുബന്ധിച്ചുള്ള ക്വാർട്ടേഴ്സു് പണിയുന്നതിനു് 1960–ൽ പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റുകാർ പണി ആരംഭിച്ചിട്ടു ഇതുവരെയായിട്ടും അതിന്റെ പണി മുന്നോട്ടു പോയിട്ടില്ല. ഇപ്പോഴും അതിന്റെ പണി സ്തംഭനാവസ്ഥയിലിരിക്കുകയാണു്. ഉടനെതന്നെ ആ ക്വാർട്ടേഴ്സിന്റെ പണി പൂർത്തിയാക്കുവാനുള്ള നടപടിയെടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഒരു ഡിപ്പാർട്ടുമെന്റിന്റെ അനാസ്ഥകൊണ്ടു് എന്തെങ്കിലും പണി തുടർന്നുനടത്താതെ വരുന്നുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

പ്രൈമറി ഹെൽത്തു സെൻറുകളുടെ കീഴിലുള്ള സബ് സെൻറർ

* 497. [8] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൈമറി ഹെൽത്തു സെൻറുകളുടെ കീഴിൽ മേലാൽ എത്ര സബ്സെൻറർവീതം ഉണ്ടാകും ;

(ബി) എന്തൊക്കെ കാര്യങ്ങളാണു് പ്രധാനമായും സബ്സെൻറർ വഴി നടത്തുവാനുദ്ദേശിക്കുന്നതു് ;

(സി) ഇവ സ്ഥാപിച്ചുകിട്ടുന്നതിനു് പൊതുജനങ്ങൾ ചെയ്യേണ്ട സംഭാവനകൾ എന്തെല്ലാം ;

(ഡി) ഈ സാമ്പത്തികവർഷംതന്നെ ഈ സ്കീം നടപ്പിൽവരുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) പതിനായിരം ജനസംഖ്യയ്ക്ക് ഒരു സബ്സെന്റർ എന്ന ക്രമത്തിനു് സബ്സെന്ററുകളും ഉണ്ടായിരിക്കുമെന്നാണു് കരുതുന്നതു്.

(ബി) മാതൃശിശുസംരക്ഷണത്തിനു് ഒരു മിഡ്വൈഫ് എപ്പോഴും കാരോ സബ്സെന്ററിലും ഉണ്ടായിരിക്കും. ആഴ്ചയിൽ ഒരിക്കലോ രണ്ടു തവണയോ പ്രൈമറി ഹെൽത്തുസെന്ററിലെ മെഡിക്കൽ ആഫീസർ സബ്സെന്റർ സന്ദർശിക്കും.

ഗർഭകാലശുശ്രൂഷ, പ്രസവശുശ്രൂഷ, അഞ്ചുവയസിനുതാഴെയുള്ള കുഞ്ഞുങ്ങളുടെ ആരോഗ്യസംരക്ഷണം, കുടുംബസംവിധാനപ്രവർത്തനങ്ങൾ, ആരോഗ്യശാസ്ത്രപഠനം എന്നിവയാണു് സബ്സെന്റർവഴി നടത്തുവാൻ ഉദ്ദേശിക്കുന്നതു്.

(സി) സബ്സെന്റർ കെട്ടിടം പണിയുവാനുള്ള സ്ഥലം പൊതുജനങ്ങൾ സൗജന്യമായി നൽകേണ്ടതാണു്. കൂടാതെ കെട്ടിടം പണിയ്ക്കു കേന്ദ്രഗവണ്മെന്റിൽനിന്നും അനുവദിക്കുന്ന തുകയ്ക്കു പുറമേ വേണ്ടിവരുന്നതുകയും സംഭാവനയായി പിരിച്ചെടുക്കേണ്ടതാണു്.

ശ്രീ. കെ. ആർ. വിജയൻ : പതിനായിരം ജനസംഖ്യയ്ക്ക് ഒരു സബ്സെന്റർ എന്ന കണക്കിനാണു് ഇതു് അനുവദിക്കുന്നതെന്നു പറഞ്ഞു. അപ്പോൾ പ്രൈമറി ഹെൽത്തു് സെന്ററുള്ള ബ്ലാക്കുകളിൽ ആറു സബ്സെന്ററുകൾക്കുടി അനുവദിക്കുന്നതാണെന്നു വ്യവസ്ഥചെയ്തിരിക്കെ അങ്ങനെ ആറു സബ്സെന്ററുകളും ഇല്ലാത്ത ബ്ലാക്കുകളിൽ ജനസംഖ്യ അനുസരിച്ചു് സബ്സെന്ററുകളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആറു സബ്സെന്ററുകൾ എന്നുള്ളതു് താൽക്കാലികമായി സ്വീകരിച്ചിട്ടുള്ള ഒരു നടപടിയാണു്. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പതിനായിരം ജനസംഖ്യയുള്ളിടത്തു് ഒരു സബ്സെന്റർ എന്നുള്ളതു് ആകെ ഇൻഡ്യാ പാറ്റേൺ അനുസരിച്ചു വന്നിട്ടുള്ളതാണു്. അതു ഒരു സാമാന്യമായ തത്വമായി അംഗീകരിച്ചിട്ടുള്ളതാണു്. പതിനായിരം ആളുകൾക്കു് ഒരു സബ്സെന്റർ എന്നുള്ള കണക്കാണു് ഇപ്പോൾ വച്ചിട്ടുള്ളതു്.

ശ്രീ. എം. എം. മത്തായി : പ്രൈമറി ഹെൽത്തുസെന്ററിന്റെ കീഴിൽ ഈ സബ്സെന്ററുകൾ ആക്കുന്നതുകൊണ്ടു പ്രൈമറി ഹെൽത്തു സെന്ററിൽ നിയമിച്ചിട്ടുള്ള ഡാക്ടർ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം സബ്സെന്ററുകളിൽ പോകുന്നതുകൊണ്ടു് പ്രൈമറി ഹെൽത്തു സെന്ററിൽ ഡാക്ടറില്ലാതെ പോകുകയും പലപ്പോഴും അങ്ങനെ ഡാക്ടർ ഇല്ലാതെ വരുന്നതുകൊണ്ടു ജനങ്ങൾക്കു് കൂടുതൽ ബുദ്ധിമുട്ടിനിടയാകുകയും ചെയ്യുന്നതുകൊണ്ടു ഓരോ പ്രൈമറി ഹെൽത്തു സെന്ററിലും രണ്ടു ഡാക്ടറന്മാരെ വീതമെങ്കിലും നിയമിക്കാൻ ഉദ്ദേശമുണ്ടാകുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതിന്റെ റീ ഓർഗനൈസേഷൻ പാറ്റേൺ അനുസരിച്ചു രണ്ടു ഡാക്ടറന്മാരെ നിയമിക്കണമെന്നാണു് ലക്ഷ്യം. ഇപ്പോൾ അത്രമാത്രം ഡാക്ടറന്മാരെ കിട്ടാൻ വിഷമം ഉണ്ടു്.

ശ്രീമതി കുസുമം : പതിനായിരം ആളുകൾക്കു ഒരു സബ്സെന്റർ എന്നുള്ള കണക്കു വളരെ നിർബന്ധമായി പിടിക്കാതെ മലമ്പ്രദേശങ്ങളിലും യാത്രാ സൗകര്യമില്ലാത്ത ഇടങ്ങളിലും ആ വ്യവസ്ഥയിൽ അല്പം അയവുവരുത്താൻ ഉദ്ദേശമുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ പതിനായിരം ആളുകൾക്കു് ഒരു സബ്സെന്റർ എന്ന രീതിയിൽ ആരംഭിക്കുന്നതിനുതന്നെ ആവശ്യമായ സൗകര്യങ്ങളും ലഭിക്കുന്നതിനു വിഷമമുണ്ടു്. അങ്ങനെയിരിക്കെ സാധാരണനിലയ്ക്കു് പതിനായിരം എന്നുള്ളതു കുറയ്ക്കാൻ കുറെ ബുദ്ധിമുട്ടാണു്.

ശ്രീമതി കെ. ആർ. സരസ്വതിഅമ്മ: ചെങ്ങന്നൂർ, പാണ്ടനാടു പ്രൈമറി ഹെൽത്തു സെന്ററിന്റെ കീഴിൽ മുന്നു സബ്സെന്ററുകൾക്കു നാട്ടുകാർ സ്ഥലം കൊടുത്തിട്ടു് രണ്ടു വർഷമായി. ഇതുവരെ കെട്ടിടംപണി നടത്താത്തതിന്റെ കാരണമെന്താണു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അവിടത്തെ ഹെൽത്ത് സെൻറർ അടുത്തകാലത്താണ് ആരംഭിച്ചത്. സബ്ബ് സെൻറുകളുടെ കെട്ടിടം പണിക്കുള്ള താമസത്തിനു കാരണം പ്രത്യേകം ചോദിച്ചാൽ മാത്രമേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: വണ്ടൂർ, കേരളത്തിലെ ഏറ്റവും വലിയ ബ്ലാക്കുകളിലൊന്നാണ്. 560 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ആ സ്ഥലത്തെ ഹെൽത്ത് സെൻററിൽ ഒരു ലേഡി ഡാക്ടറും, ഒരു ഡാക്ടറും 1958 മുതൽ 1963വരെ വർക്ക് ചെയ്തിരുന്നു. 1963-ൽ ലേഡീഡാക്ടറുടെ തസ്തിക നിറുത്തലാക്കി. ലേഡീഡാക്ടർ ഇല്ലാത്തതുകൊണ്ട് വലിയ വിഷമം നേരിടുന്നുണ്ട്. ഈ വിവരത്തിനു ആരോഗ്യവകുപ്പുമന്ത്രിക്ക് നാട്ടുകാർ നിവേദനം നടത്തിയിട്ടുണ്ട്. അടിയന്തിരമായി അവിടെ ലേഡീഡാക്ടറെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: 1958 മുതൽ 1963 വരെ ഉണ്ടായിരുന്ന പോസ്റ്റാണെങ്കിൽ അതു കുറവു ചെയ്യാൻ ഇടയില്ല. ലേഡീഡോക്ടറെ കിട്ടാനുള്ള ബുദ്ധിമുട്ടുകൊണ്ടു വന്ന കുഴപ്പമായിരിക്കും. 36 വേക്കൻസി ഇങ്ങനെ ഇപ്പോഴുണ്ട്. അതിൽ കൂടുതലും ലേഡീഡാക്ടറന്മാരുടെ പോസ്റ്റുകളാണ്. ജൂലൈമാസത്തിൽ ഒരു പുതിയ ബാച്ച് പുറത്തുവരുമ്പോൾ ഈ ബുദ്ധിമുട്ട് കുറെ പരിഹരിക്കാൻ സാധിക്കും.

ശ്രീ. എൻ. ഇ. ബലറാം: മലയോരപ്രദേശങ്ങളിലെ പ്രൈമറി ഹെൽത്ത് സെൻറുകളിലെ പ്രധാന കേന്ദ്രത്തിൽനിന്നു മറ്റു പ്രദേശങ്ങളിലേക്കു ഡാക്ടർമാർക്കു ചെന്നെത്താൻ വാഹനസൗകര്യം വേണ്ടിടത്തോളം ഇല്ലാ. പത്തും, പതിനാലും നാഴിക ദൂരത്തു ചെന്നെത്താൻ ആവശ്യമുള്ള വാഹനസൗകര്യം നൽകാൻ വ്യവസ്ഥ ചെയ്യുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: വാഹനസൗകര്യം നൽകുന്നതു യൂണിസെഫിൽനിന്നാണ്. വാഹനസൗകര്യം നൽകണമെങ്കിൽ നാട്ടുകാർ ചില വ്യവസ്ഥകളും അനുസരിച്ചു ചില നടപടികളും പൂർത്തിയാക്കിയിരിക്കണമെന്നുണ്ട്. ആ നടപടികളും പൂർത്തിയാക്കാത്തതുകൊണ്ടായിരിക്കും വാഹനസൗകര്യം ലഭിക്കാത്തതു.

ഓണററി ഡോക്ടറന്മാർ.

* 498. [9] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്പത്രികളിൽ ഓണററി ഡോക്ടറന്മാരെ നിയമിക്കുന്നതു എന്തടിസ്ഥാനത്തിലാണ്; അവർക്കു കൊടുക്കുന്ന പ്രതിഫലമെന്തു;

(ബി) കേരളത്തിൽ ഓരോ ജില്ലയിലും ഉള്ള ഓണററി ഡോക്ടറന്മാരുടെ പേരും എത്ര;

(സി) കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ മുമ്പു ഓണററി ഡോക്ടറന്മാർ ഉണ്ടായിരുന്ന ഏതെങ്കിലും ആസ്പത്രികളിൽ ആ തസ്തിക ഇല്ലാതായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര; ഏതെല്ലാം ആസ്പത്രികളിൽ?

LIBRARY ARCHIVES Kerala Legislative Assembly